ഉത്തരം

(എ—സി) സംസ്ഥാനത്തിനകത്ത് നിന്നോ പുറത്തുനിന്നോ തൊണ്ട്-ചകിരി സംഭരിക്കുന്നതിന് സഹായം നൽകുന്ന ഒരു പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 200 ലക്ഷം രൂപ 2004-2005 വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ മഹിളാ കയർ യോജന പദ്ധതി പ്രകാരം സ്വയം സഹായ ഗ്രൂപ്പുകളായോ കുടുംബശ്രീ വഴിയോ തൊണ്ട് സംഭരിക്കുന്നതിനുള്ള ഒരു പദ്ധതി കയർ ബോർഡിന്റെയും പരിഗണനയിലുണ്ട്.

വന സംരക്ഷണത്തിനായുള്ള ജനകീയ സമിതികൾ

110 [1119] ശ്രീ. ഉമേഷ് ചള്ളിയിൽ:
„ എ. എൻ. രാജൻ ബാബു:
„ ജോണി നെല്ലൂർ:
„ കെ. കെ. ഷാജു:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന സംരക്ഷണത്തിനായി വന പ്രദേശത്തിന് സമീപത്തുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള ജനകീയ സമിതികൾ ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനപ്രദേശത്തിന് ഉള്ളിലും ചുറ്റുപാടിലും ജീവിക്കുന്ന തദ്ദേശീയ ജന വിഭാഗങ്ങളുടെ വനാശ്രിതത്വം കുറയ്ക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമാണ് ഇത്തരം സമിതികൾ ലക്ഷ്യമാക്കുന്നത്. ഇതിലേയ്ക്കായി ജനപങ്കാളിത്തത്തോടെ തയ്യാറാക്കിയ സൂക്ഷ്മാസൂത്രണരേഖ അടിസ്ഥാനമാക്കി വിവിധ പരിസ്ഥിതി വികസന പദ്ധതികളും സാമൂഹികവികസന പദ്ധതികളും ഇത്തരം സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കേരളത്തിൽ വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സമിതികൾ.

കെ. എഫ്. ആർ. ഐ.-യുടെ ഗവേഷണം

111 [1120] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വനസംരക്ഷണവുമായി ബന്ധപ്പെട്ട എന്തെല്ലാം ഗവേഷണങ്ങൾക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വനസംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ള ഏതെല്ലാം വിഷയങ്ങളിലാണ് കൈ പുസ്തകങ്ങളും ചെക്ക് ലിസ്റ്റുകളും മറ്റ് ബുക്ക്ലെറ്റുകളും തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ഓരോ പ്രതികൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രകൃതി, പരിസ്ഥിതി സംരക്ഷണ വിഷയങ്ങളിൽ വിവിധയിനത്തിലുള്ള സി. ഡി.-കൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഷയങ്ങളിൽ;

(ഡി) അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) വനവിജ്ഞാന പരിശീലനം നൽകുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് കെ. എഫ്. ആർ. ഐ.-യിൽ ഇപ്പോൾ നിലവിലുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കെ. എഫ്. ആർ. ഐ. മാതൃകാ വൃക്ഷത്തോട്ടങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വനസംരക്ഷണവുമായി ബന്ധപ്പെട്ട 42 ഗവേഷണ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ 9 എണ്ണം ജൈവവൈവിദ്ധ്യ പദ്ധതികളും 4 എണ്ണം സ്വാഭാവിക വനങ്ങളെക്കുറിച്ചും 21 എണ്ണം വനത്തോട്ടങ്ങളെ സംബന്ധിച്ചും 4 എണ്ണം വനവിഭവങ്ങളുടെ ഉപയോഗത്തെ കുറിച്ചും, 2 എണ്ണം കാർഷിക വനവൽക്കരണം, സാമൂഹ്യസാമ്പത്തിക വിഷയങ്ങൾ എന്നിവയെ കുറിച്ചും 2 എണ്ണം വനശാസ്ത്ര വിജ്ഞാനത്തെക്കുറിച്ചും ഉള്ളതാണ്.

(ബി) വനസംരക്ഷണവുമായി ബന്ധപ്പെട്ട് നാല് കൈപ്പുസ്തകങ്ങളും ഒരു ചെക്ക് ലിസ്റ്റും 14 ബുക്ക്ലെറ്റുകളും തയ്യാറാക്കിയിട്ടുണ്ട്. അതിൽ 3 ബുക്ക്ലെറ്റുകളുടെ പകർപ്പ് ലഭ്യമല്ല. ബാക്കിയുള്ളവയുടെ ഓരോപ്രതി വീതമേ ലഭ്യമായിട്ടുള്ളൂ. അവ നിയമസഭാ സെക്രട്ടേറിയറ്റിൽ റഫറൻസിനായി നൽകിയിട്ടുണ്ട്.

(സി, ഡി) പ്രകൃതി, പരിസ്ഥിതി വിഷയങ്ങളിൽ നാല് സി. ഡി.-കൾ തയ്യാറാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

(1) 200 കെ. എഫ്. ആർ. ഐ. റിസർച്ച് റിപ്പോർട്ടുകൾ.

(2) തേക്കിന്റെ ബിബ്ളിയോഗ്രാഫി.

(3) തേക്കിന്റെ ഇല തിന്നു നശിപ്പിക്കുന്ന കീടങ്ങളെക്കുറിച്ചുള്ളത്.

(4) വിവിധയിനം മുളകളെ സംബന്ധിച്ച്.

(ഇ) ഒരു നല്ല ലക്ചർ ഹാൾ, ലൈബ്രറി, ലബോറട്ടറികൾ, ശ്രവ്യ-ദൃശ്യ ഉപകരണങ്ങൾ, പരിശീലനം നൽകുന്നതിന് പ്രാപ്തരായ 50-ൽപ്പരം ശാസ്ത്രജ്ഞർ എന്നിവ നിലവിലുണ്ട്.

വനം വകുപ്പ്, വ്യവസായശാലകൾ, കർഷകർ തുടങ്ങിയവയുടെ ആവശ്യപ്രകാരം വൻകിടത്തോട്ടങ്ങൾ, ഗൃഹ തോട്ടങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞൻമാർ നേരിട്ട് സന്ദർശിച്ച് വനശാസ്ത്ര വിജ്ഞാന വ്യാപനം പ്രാവർത്തികമാക്കുകയും പരീക്ഷണശാലകളിൽ നടത്തുന്ന പരീക്ഷണങ്ങളുടെ ഫലങ്ങൾ റിപ്പോർട്ടുകളായി ലഭ്യമാക്കുകയും ചെയ്തുവരുന്നു.

കൂടാതെ പുതുതായി രൂപം നൽകിയിട്ടുള്ള എക്സ്റ്റൻഷൻ ട്രെയിനിംഗ് ഡിവിഷനിലൂടെ ഈ പ്രവർത്തനം വിപുലമായി നടത്തുന്നതിനുള്ള പ്രോഗ്രാം തയ്യാറായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കെ. എഫ്. ആർ. ഐ. വിവിധ പരീക്ഷണത്തിനായി എടുത്തിട്ടുള്ള 25-ലധികം വൃക്ഷത്തോട്ടങ്ങൾ നിലമ്പൂരിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലും മാതൃകാ തോട്ടങ്ങളായി നിലനിൽക്കുന്നു. മട്ടി, മുള, തേക്ക്, യൂക്കാലി, അക്കേഷ്യ, ഹോപ്പിയ എന്നിവ അതിൽ ചിലതാണ്.

കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ചുകിട്ടിയ നിക്ഷിപ്ത വനഭൂമി

112 [1121] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം:
,, പി. നാരായണൻ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിക്ഷിപ്ത വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഹെക്ടർ നിക്ഷിപ്ത വനഭൂമി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എന്തെല്ലാം ഉപാധികൾക്ക് വിധേയമായിട്ടാണ് അനുവാദം നൽകിയിട്ടുള്ളത്;

(ഡി) അനുവദിച്ച വനഭൂമി ഏതെല്ലാം തരത്തിലുള്ള വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒന്നാം ഘട്ടം അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടം അനുവാദം നൽകിയ 7693.2257 ഹെക്ടർ വനഭൂമിയിൽ 7544.2257 ഹെക്ടർ (നിക്ഷിപ്ത) വനഭൂമിയാണ്.

(സി) വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പ്രഥമഘട്ട അംഗീകാരത്തിലെ നിബന്ധനകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഇപ്പോൾ അനുവദിച്ചിട്ടുള്ള വനഭൂമി ഭൂരഹിതരായ ആദിവാസികളെ പുനരധിവസിപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1122-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly